പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1088. — 01.07.2015ൽ മറുപടിയ്ക്ക്

## അടൂർ വിദ്യാഭ്യാസ ജില്ലാ രൂപീകരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ | | ശ്രീ.പി.കെ..അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) അടൂർ വിദ്യാഭ്യാസ ജില്ല രൂപീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; അടൂർ വിദ്യാഭ്യാസ ജില്ലാ രൂപീകരണത്തിനുള്ള കാലവിളംബത്തിന്റെ കാരണം വിശദമാക്കുമോ;<br>(ബി) അദ്ധ്യാപകരുടെയും/ പൊതുജനങ്ങളുടെയും നിരന്തര ആവശ്യമായ പ്രസ്തുത വിദ്യാഭ്യാസ ജില്ലാ രൂപീകരണം സമയബന്ധിതമായി പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) & (ബി) | അടൂർ വിദ്യാഭ്യാസ ജില്ല അനുവദിക്കുന്നത് സംബന്ധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേക്ക് അയച്ചു തന്ന പ്രൊപ്പോസൽ ശുപാർശ ചെയ്ത് ധനകാര്യ വകുപ്പിലേക്ക് അയച്ചിരുന്നു. എന്നാൽ ടി ശുപാർശ ധനകാര്യ വകുപ്പ് അംഗീകരിക്കുകയുണ്ടായില്ല. ധനകാര്യ വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, അടൂർ വിദ്യാഭ്യാസ ജില്ല അനുവദിക്കേണ്ടതില്ല എന്ന് തീരുമാനമെടുത്തിട്ടുണ്ട്. ഹെഡ് മാസ്റ്റർമാർക്ക് ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് അധികാരം നൽകിയിട്ടുള്ളതിനാലും, ശമ്പള ബില്ലുകൾ SPARK മുഖേന ചെയ്യുന്നതിനാലും വിവര സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി ജോലിഭാരം കൂടുതൽ ലഘൂകരിച്ചിട്ടുള്ളതിനാലും അടൂർ കേന്ദ്രമായി പുതിയ ഒരു വിദ്യാഭ്യാസ ജില്ലയ്ക്ക് പ്രസക്തിയില്ല. |

സെക്ഷൻ ഓഫീസർ